# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 7 | പേജ് 6 | ഫെബ്രുവരി 1-15



2 കൈത്താളവും കൈകൊട്ടിക്കളിയും

3 മാർ മക്കാറിയോസ് ഫൗണ്ടേഷൻ

4 ധ്യാനപംക്തി

5 നാം എങ്ങോട്ട്?


## തൃക്കുന്നത്ത് സെമിനാരി പെരുന്നാൾ കോടതി നിരീക്ഷണത്തിൽ വൻ പോലീസ് സംരക്ഷണയിൽ സമാധാനപരമായി നടന്നു

ആലുവാ : തൃക്കുന്നത്ത് സെമിനാരിയിലെ പ.പിതാക്കന്മാരുടെ കബറിങ്കൽ ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ കനത്ത പോലീസ് കാവലിൽ ധൂപപ്രാർത്ഥന നടത്തി. കോടതി ഉത്തരവിനെ തുടർന്ന് ഹൈക്കോടതി നിയോഗിച്ച നിരീക്ഷകൻ അഡ്വ.ശ്രീലാൽ വാര്യർ ജില്ലാ കളക്ടർ പി.ഐ.ഷെയ്ക്ക് പരീത്, ജില്ലാ പോലീസ് മേധാവി സതീഷ് ബിനോ എന്നിവരുടെ നേതൃത്വത്തിൽ കനത്ത സുരക്ഷാ സന്നാഹമായിരുന്നു ഇത്തവണ ഒരുക്കിയിരുന്നത്. പള്ളികോമ്പൗണ്ടിലും പരിസരത്തുമായി നൂറുകണക്കിന് പോലീസുകാരെ വിന്യസിച്ചിരുന്നു. മെറ്റൽ ഡിറ്റക്ടറിലൂടെയാണ് മെത്രാപ്പോലീത്തന്മാർ അടക്കം മുഴുവൻ വിശ്വാസികളെയും കബറിടങ്ങളിലേക്ക് കടത്തിവിട്ടത്. പൂട്ടിക്കിടക്കുന്ന പള്ളി തുറക്കാതെ കബറിടം മാത്രമെ തുറന്നുള്ളു. പള്ളിക്കുചുറ്റും പോലീസ് കനത്ത ഇരുമ്പ് ബാരിക്കേഡുകൾ ഉയർത്തിയിരുന്നു.

കോടതി നിർദ്ദേശം അനുസരിച്ച് ഇരുവിഭാഗം വിശ്വാസികളും അവരവർക്ക് അനുവദിച്ച സമയങ്ങളിൽ പത്തുപേർ വീതമുള്ള സംഘങ്ങളായാണ് കബറിടത്തിൽ പ്രവേശിച്ചത്. ഓർത്തഡോക്സ് വിഭാഗത്തിന്റെ ആരാധനയ്ക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു. എന്നാൽ സർക്കാർ കോടതിയെ തെറ്റിദ്ധരിപ്പിച്ചെന്ന് ആരോപിച്ച് ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ കബറിങ്കൽ ധൂപപ്രാർത്ഥനയ്ക്ക് എത്തിയില്ല. തൃക്കുന്നത്ത് സെമിനാരി കവാടത്തിലുള്ള മാർ അത്തനേഷ്യസ് സ്റ്റഡി സെന്ററിൽ ശ്രേഷ്ഠ ബാവാ പ്രാർത്ഥന നടത്തി.

ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തന്മാരായ യൂഹാനോൻ മാർ പോളീകാർപ്പോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.തോമസ് മാർ അത്താനാസിയോസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ് എന്നിവർ വൈദികരോടും വിശ്വാസികളോടുമൊപ്പം പ്രാർത്ഥനകൾ നടത്തി.

യാക്കോബായ വിഭാഗത്തിലെ മെത്രാപ്പോലീത്തന്മാരായ ഡോ.ഏലിയാസ് മാർ അത്താനാസിയോസ്, ഡോ.മാത്യൂസ് മാർ അന്തിമോസ് എന്നിവർ കബറിങ്കലും സുന്നഹദോസ് സെക്രട്ടറി ഡോ.ജോസഫ് മാർ ഗ്രിഗോറിയോസ്, ഡോ.ഏബ്രഹാം മാർ സേവേറിയോസ്, സഖറിയാസ് മാർ പോളീകാർപ്പോസ്, ഏലിയാസ് മാർ യൂലിയോസ് എന്നിവർ ശ്രേഷ്ഠ ബാവായോടൊപ്പം സ്റ്റഡി സെന്ററിലും പ്രാർത്ഥന നടത്തി.

## വലിയനോമ്പ് ആചരണം അനുഗ്രഹത്തിനു കാരണമാകട്ടെ : പ.കാതോലിക്കാ ബാവാ

കോട്ടയം : വലിയനോമ്പ് ആചരണം നിഷ്ഠയോടുകൂടി നടത്തുവാനും നോമ്പ് ആചരണം അനുഗ്രഹത്തിനു കാരണമായിത്തീരുവാൻ പ്രാർത്ഥിക്കുവാനും പ.കാതോലിക്കാ ബാവാ പൊതുകല്പനയിലൂടെ ആവശ്യപ്പെട്ടു.

കല്പനയുടെ പ്രസക്തഭാഗങ്ങൾ:

"വിശുദ്ധീകരണത്തിലൂടെയുള്ള സമൃദ്ധമായ രക്ഷയുടെയും ജീവന്റെയും അനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്ന വലിയ നോമ്പിന്റെ പവിത്രമായ ദിനങ്ങളിലേക്ക് പ.സഭ പ്രവേശിക്കുകയാണല്ലോ. ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി പാപത്തെ സമൂലം ഉപേക്ഷിച്ച് നാം നോമ്പ് ആചരിക്കണം. പ്രാർത്ഥനയും ഉപവാസവും പൈശാചിക ശക്തിയെ വിജയിക്കുന്നതിനുള്ള മാർഗ്ഗമായി നമ്മുടെ കർത്താവ് പഠിപ്പിച്ചു. വിശുദ്ധവും ശക്തവുമായ വ്രതാനുഷ്ഠാനങ്ങൾ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിന് സഹായകമാകും. പ്രലോഭനങ്ങൾ മുൻകാലങ്ങളേക്കാൾ കൂടുതലായി നമ്മെ സ്വാധീനിക്കുന്ന ഇക്കാലത്ത് സ്വയം നിയന്ത്രണത്തിനുള്ള അവസരമായി നോമ്പിനെ കാണണം. ദൈവംതമ്പുരാൻ നൽകിയ സമ്പത്തും, സൗകര്യങ്ങളും ആഡംബരങ്ങൾക്കുള്ള അവസരമാക്കാതെ, പരിമിതികളെ സ്വയം സ്വീകരിച്ചുകൊണ്ട് ദാനധർമ്മങ്ങൾക്കും മറ്റ് സത്കർമ്മങ്ങൾക്കുമുളള പ്രചോദനം നോമ്പിൽനിന്നും നാം ഉൾക്കൊള്ളണം.

ദൈവസന്നിധിയിൽനിന്നും നമ്മെ അകറ്റിക്കളയുന്ന അനേക സാഹചര്യങ്ങൾ നമുക്കു ചുറ്റിലുമുണ്ട്. കുടുംബത്തിലെ സമാധാനവും വ്യക്തിത്വത്തിന്റെ മാന്യതയും നഷ്ടപ്പെടുത്തുന്ന മദ്യപാനം മുതലായ ദുശ്ശീലങ്ങൾ പരിപൂർണ്ണമായി ഒഴിവാക്കി ക്രൈസ്തവ സാക്ഷ്യം കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ഈ വ്രതശുദ്ധിയുടെ നാളുകൾ നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് നമ്മെ നയിക്കട്ടെ. വിട്ടുവീഴ്ചയിലൂടെയും ക്ഷമയിലൂടെയും ബന്ധങ്ങൾ ഈടുറ്റതാക്കണം. സമസൃഷ്ടികളോടുള്ള കരുതലിന്റെ ഭാഗമായി ഉപവാസമിച്ചം സാധുക്കൾക്ക് നൽകണം. ഈ വർഷത്തെ വലിയനോമ്പാചരണം അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം............."

## ആലുവായിലെ വലിയതിരുമേനിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും

ഫാ.ഡോ.എം.ഒ.ജോൺ




പ.പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന വലിയതിരുമേനി എന്നറിയപ്പെടുന്ന കുറ്റിക്കാട്ടിൽ പ.പൗലോസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ഓർമ്മയാണ് ജനുവരി 25,26 തീയതികളിൽ തൃക്കുന്നത്ത് സെമിനാരിയിൽ പെരുന്നാളായി ആചരിക്കുന്നത്. അതോടൊപ്പം അങ്കമാലി ഭദ്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്താ ആയിരുന്ന കടവിൽ പൗലോസ് മാർ അത്താനാസിയോസ് തിരുമേനിയുടെയും 1953 മുതൽ 1966 വരെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെയും 1967 മുതൽ 1997വരെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഡോ.ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെയും കബറിടങ്ങൾ ആലുവാ തൃക്കുന്നത്ത് സെമിനാരി പള്ളിയോട് ചേർന്നാണ്. ആലുവായിലെ വലിയതിരുമേനി 1953 ജനുവരി 25ന് കാലം ചെയ്തു. മഹാപരിശുദ്ധനായ ഒരു പിതാവായാണ് വലിയ തിരുമേനി അറിയപ്പെടുന്നത്.

ആലുവാ തൃക്കുന്നത്ത് സെമിനാരി ഏറ്റവും സംഘർഷഭരിതമാകുന്നതും ക്രമസമാധാന പ്രശ്നത്തിന്റെ പേരിൽ കേരള സർക്കാരിന്റെ പ്രത്യേകിച്ച് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെയും പോലീസ് അധികാരികളുടെയും കോടതികളുടെയും ശ്രദ്ധയും ജാഗ്രതയും തൃക്കുന്നത്ത് സെമിനാരിയിലേക്ക് തിരിയുന്നതും ഈ പെരുന്നാൾ ദിനങ്ങളിലാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും തിരിയാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. ഈ അടുത്തയിടെ വിശ്വാസസംരക്ഷകൻ എന്ന യാക്കോബായ പ്രസിദ്ധീകരണത്തിൽ (ലക്കം 7) വന്ദ്യ പൂക്കുന്നേൽ ജോസഫ് കോർഎപ്പിസ്കോപ്പാ അച്ചൻ ഭാഗ്യസ്മരണാർഹനായ പ.പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ എന്ന പേരിൽ എഴുതിയ ഒരു ലേഖനത്തിൽ ആലുവായിലെ വലിയതിരുമേനിയെ കാണുവാൻ പുത്തൻകാവിൽ കൊച്ചുതിരുമേനി (ഗീവർഗീസ് മാർ പീലക്സിനോസ്) എത്തിയതിനെക്കുറിച്ച് പറയുന്നുണ്ട്. അത് മലങ്കരസഭാദീപം വായനക്കാരുടെയും ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ മാത്രം ഇപ്പോൾ ആഗ്രഹിക്കുന്നു. പാത്രിയർക്കീസ് - മലങ്കര മെത്രാൻ കക്ഷിവഴക്ക് കൊടുമ്പിരികൊണ്ടിരിക്കുന്ന കാലം. വലിയതിരുമേനി പാത്രിയർക്കീസ് പക്ഷത്തെ ശക്തനായ മെത്രാപ്പോലീത്താ. പ.പരുമല തിരുമേനിയുടെ ശിഷ്യൻ. 1910-ൽ അന്ത്യോഖ്യയുടെ അബ്ദുള്ള പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാൻസ്ഥാനത്തേക്കുയർത്തി അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായാക്കി. കക്ഷിവഴക്കിന്റെയും സമുദായകേസിന്റെയും പശ്ചാത്തലത്തിൽ അദ്ദേഹത്തെ കണ്ടനാട്, കോട്ടയം, നിരണം, കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെയും മെത്രാപ്പോലീത്താ ആയി 1920-ൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ നിയമിച്ചു.

പ.വട്ടശ്ശേരിൽ തിരുമേനി കാലംചെയ്തതിനു ശേഷം 1934ൽ എം.ഡി.സെമിനാരി അസോസിയേഷൻ പ.ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുകൂടി തെരഞ്ഞെടുക്കുകയും സഭാഭരണഘടന അംഗീകരിക്കുകയും ചെയ്തു.

1935 ആഗസ്റ്റ് 22ന് കരിങ്ങാച്ചിറപള്ളിയിൽ ചേർന്ന പാത്രിയർക്കിസ് വിഭാഗം മലങ്കര അസോസിയേഷൻ അത്താനാസിയോസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു.



പുത്തൻകാവിൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

കക്ഷിവഴക്ക് രൂക്ഷമായി കോടതിവ്യവഹാരം ശക്തമായി. പുത്തൻകാവിൽ കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ കാവൽഭടനും കാതോലിക്കാ വിഭാഗത്തിന്റെ ശക്തനായ വക്താവും ആയിരുന്നു. 1930-ൽ മലങ്കര അസോസിയേഷൻ ഇദ്ദേഹത്തെ

(ശേഷം പേജ് 5-ൽ)

# കൈത്താളവും കൈകൊട്ടിക്കളിയും......കഴിഞ്ഞലക്കം തുടർച്ച

ഫാ.സി.ഡി.തോമസ് വടകോട്

**(പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലേക്ക് അടുത്തകാലത്ത് മാറിപ്പോയ മേരിക്കുട്ടി ഒരു വൈദികന്റെ ഭവനത്തിൽ ചെന്നപ്പോഴുണ്ടായ സംഭാഷണം)**

മേരിക്കുട്ടി : പണ്ട് പഠിച്ച ഓർമ്മ വരുന്നു. പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അപ്പോഴേ എന്നെ കെട്ടിച്ചുവിട്ടില്ലേ.

സന്തോഷ് : മന്ത്രസ്ഥായിയേക്കാൾ താണവയാണ് അനുമന്ത്രസ്ഥായി. അതുപോലെ താരസ്ഥായിയേക്കാൾ ഉയർന്ന സ്വരവിന്യാസ സംവിധാനത്തെ അതിതാരസ്ഥായി എന്നാണ് വിളിക്കാറ്.

അച്ചൻ : അവയെന്താണ് സന്തോഷേ?

സന്തോഷ് : മന്ത്രസ്ഥായിയിൽ പാടുമ്പോൾ കുനിഞ്ഞ് താഴോട്ട് നോക്കി മന്ത്രംചൊല്ലുന്നതുപോലെ വളരെ സ്വരം താഴ്ത്തിയെ പാടുവാൻ സാധിക്കുകയുള്ളു. അതേസമയം താരസ്ഥായിയിലായാൽ താരങ്ങളെ അഥവാ നക്ഷത്രങ്ങളെ നോക്കുന്നതുപോലെ മുകളിലേക്ക് നോക്കി സ്വരം വളരെ ഉയർത്തിപ്പാടുന്നു. എന്നാൽ മദ്ധ്യസ്ഥായിയിൽ മേൽപറഞ്ഞ രണ്ടിനും മധ്യേയുള്ള ശബ്ദധ്വനികളിൽ സാധാരണ ശബ്ദത്തിൽ പാടുവാൻ കഴിയുന്നു.

അച്ചൻ : 1കൊരി.13:1ൽ ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ എന്ന് പൗലോസ് അപ്പോല്സോതലൻ പറയുന്നുണ്ടല്ലോ. കൈത്താളങ്ങൾ നിർമ്മിക്കുന്നത് മറ്റു സംഗീതോപകരണങ്ങളെപ്പോലെ വളരെ സൂഷ്മതയോടെയാണ്, അല്ലെങ്കിൽ അതിൽനിന്നും പുറത്തുവരുന്ന ശബ്ദം അരോചകവും ചിലമ്പുന്നതുമാവും എന്ന സൂചനയല്ലേ അത്.

സന്തോഷ് : തീർച്ചയായും, മുഴങ്ങുന്ന ചെമ്പ് എന്നാൽ അകം ശൂന്യമായത് എന്നാണുദ്ദേശിക്കുന്നത്. ചിലമ്പുന്ന കൈത്താളം എന്നതുകൊണ്ടുദ്ദേശിക്കുന്നത് തെറ്റായി നിർമ്മിച്ചതായ ഒരു കൈത്താളം എന്നത്രേ.

അച്ചൻ : മേരിക്കുട്ടി കേൾക്കുന്നോ അതോ ഉറങ്ങുന്നോ?

മേരിക്കുട്ടി : അല്ലച്ചോ ഞാൻ പ്രാർത്ഥിക്കുവാരുന്നു സ്തോത്രം

സന്തോഷ് : സംഗീതത്തിലെ സ്വരങ്ങൾക്ക് അനുസരിച്ച് കൈത്താളം നിർമ്മിച്ചാലെ അനുനാദം ലഭിക്കുകയുള്ളു. അതായത് ഷഡ്ജം-മയിൽ, ഋഷഭം-കാള, ഗാന്ധാരം-ആട്, മധ്യമം-ചക്രവാകപക്ഷി, പഞ്ചമം-കുയിൽ, ധൈവതം-കുതിര, നിഷാദം-ആന, കൈത്താളമല്ലാതെയുള്ള മറ്റ് ഉപകരണങ്ങൾക്ക് ഉദാഹരണത്തിന് വീണ, വയലിൻ, ഗിറ്റാർ, തബല, ചെണ്ട തുടങ്ങിയവ എല്ലാം സ്വരങ്ങൾക്കനുസരിച്ച് ട്യൂൺ ചെയ്ത് വലിയൊരു പരിധിവരെ ക്രമപ്പെടുത്തിയെടുക്കാം. എന്നാൽ കൈത്താളത്തിന്റെ കാര്യത്തിൽ ഒരിക്കൽ നിർമ്മിച്ചുകഴിഞ്ഞാൽ പിന്നെ അതിന് സാധിക്കുകയില്ലല്ലോ.

അച്ചൻ : അതിനാൽ കൈത്താളം വളരെ സൂഷ്മതയോടും കൃത്യതയോടെയും നിർമ്മിക്കേണ്ടിയിരിക്കുന്നു എന്ന് സാരം.

സന്തോഷ് : അതേ മേൽപറഞ്ഞ നിയമം പാലിക്കാതെ വരുമ്പോൾ അത് മറ്റ് വാദ്യോപകരണങ്ങളോട് ചേരാതെ വരും. അതാണ് ചിലമ്പുന്ന കൈത്താളം.

മേരിക്കുട്ടി : അപ്പോൾ ചിലമ്പുന്ന കൈത്താളവും നാദമുള്ള കൈത്താളവും ഒരേ ഉപകരണങ്ങളാണോ സന്തോഷേ?

സന്തോഷ് : അതെ എന്നാൽ ഒന്ന് സംഗീതത്തോടൊപ്പം ആസ്വാദ്യകരമായി ഉപയോഗിക്കാവുന്നതും മറ്റേതാകട്ടെ ഒരു സംഗീതത്തോടും യോജിക്കാത്തതും ആണ്.

മേരിക്കുട്ടി : ഹാവൂ, ഞാൻ ഇത്രയൊന്നും ചിന്തിച്ചിരുന്നില്ല. ഇതിൽ ഇത്രയേറെ കാര്യങ്ങൾ ഉണ്ടെന്നും അറിഞ്ഞിരുന്നില്ല.

അച്ചൻ : ഇനിയെങ്കിലും കാര്യങ്ങൾ നേരെചൊവ്വെ അറിയണം.

മേരിക്കുട്ടി : എന്തൊക്കെയായാലും പാട്ടുപാടുമ്പോൾ ഒന്നു കയ്യടിച്ചതുകൊണ്ട് എന്താ കുഴപ്പം?

അച്ചൻ : പാട്ടു പാടുമ്പോൾ താളംകിട്ടാൻ ഒന്നു കയ്യടിച്ചുപോയതുകൊണ്ട് ദോഷമൊന്നുമില്ല. ആകാശമൊന്നും ഇടിഞ്ഞുവീഴത്തും ഇല്ല. പക്ഷെ ഞങ്ങൾ കൈകൾ കൊട്ടി പാടുന്നത് വേദപുസ്തകവചനം പാലിക്കാനാണ് എന്ന് വാദിച്ചുകൊണ്ട് ഹുങ്കോടെ അവസരത്തിലും അനവസരത്തിലുമെല്ലാം കൈകൊട്ടുന്നത് ശരിയല്ലെന്നുള്ളത് ഇപ്പോൾ മനസ്സിലായില്ലേ

മേരിക്കുട്ടി : എന്നാലും ഞങ്ങൾ ഇനീം കൊട്ടും. അതിന്റെ സുഖമൊന്നു വേറെയാ. ദോഷമൊന്നുമില്ലെന്ന് അച്ചനും പറഞ്ഞല്ലോ?

അച്ചൻ : കൊട്ടിക്കോ എന്നാൽ വചനം പാലിക്കാനാണെന്ന് മത്രം ഇനി പറഞ്ഞേക്കരുത്. ആദ്യം താളത്തിലും പിന്നെ കുറേകഴിയുമ്പോൾ അവതാളത്തിലും കൈകൊട്ടുന്നത് ഉചിതമല്ലെന്നും വേദപുസ്തകത്തിൽ പറയുന്ന കൈത്താളം അതല്ലെന്നും മനസ്സിലായല്ലോ. അതുമതി.

മേരിക്കുട്ടി : (വിനയത്തോടെ) എനിക്ക് അല്പം തിരക്കുണ്ട്. വൈകിട്ടത്തെ യോഗത്തിനും പോകണമെന്നു ഞാൻ പറഞ്ഞിരുന്നല്ലോ. ഞാൻ പൊയ്ക്കോട്ടെ?

(അടുക്കളയിൽനിന്ന് കാപ്പിയുമായി കൊച്ചമ്മ വരുന്നു)

അച്ചൻ : നില്ല് മേരിക്കുട്ടി കാപ്പി കുടിച്ചിട്ട് പോ

മേരിക്കുട്ടി : വേണ്ടച്ചോ പിന്നീടൊരിക്കലാകാം.

(മേരിക്കുട്ടി ധൃതിയിൽ നടന്നുപോകുന്നു. ക്ഷീണമൊക്കെ പമ്പകടന്നെന്നു തോന്നുന്നു)

വചനം പാലിക്കുവാൻ ചിലർ പെടുന്ന തത്രപ്പാടുകണ്ട് അച്ചനും കൊച്ചമ്മയും സന്തോഷും അവർ കണ്ണിൽനിന്നും മറയുന്നതുവരെ നിർനിമേഷരായി നോക്കിനിൽക്കുന്നു.


## MATRIMONIAL

**ഓർത്തഡോക്സ് യുവാവ്, 29 വയസ്സ്, മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ, തിരുവനന്തപുരത്ത് പ്രൈവറ്റ് ലിമിറ്റഡ് കമ്മിനിയിൽ ഉദ്യോഗസ്ഥൻ, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9744080744, 9526850774**


## 40–ാം ചരമദിനം

**16–02–2013**



## ലീലാ ബേബി (65)

**കാഞ്ഞിരക്കാട്ട്**

**പുത്തൻകുരിശ്**

**W/O പ്രൊഫ.കെ.വി.ബേബി, കാഞ്ഞിരക്കാട്ട്**

**മക്കൾ : ആശിഷ് കെ.ബേബി & റ്റീനാ ആശിഷ് (ബോംബെ)**

**ഡോ.അനൂപ് കെ.ബേബി& റീനു അനൂപ് (ദോഹ, ഖത്തർ)**

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള–673 591, ഫോൺ : 04936–247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993–ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.


നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**


# മാർ മക്കാറിയോസ് ഫൗണ്ടേഷൻ



## തീയാടിക്കൽ പി.ഒ., തിരുവല്ല



ഡോ.തോമസ് മാർ അത്താനാസിയോസ് പേട്രൺ



റമ്പാൻ ലാസറസ് ഒ.ഐ.സി., അസി.പേട്രൺ

## ഞങ്ങളുടെ ലക്ഷ്യങ്ങൾ

1. അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും അടുക്കലേക്കു കരങ്ങൾ നീട്ടുക
2. വേദനിക്കുന്നവരുടെ ഹൃദയങ്ങളെ തലോടി ആശ്വസിപ്പിക്കുക
3. മുറിവേറ്റവരുടെ കണ്ണുനീരുകളെ തുടച്ചു വെടിപ്പാക്കുക



റവ.ഡോ.കെ.സി.മാത്യു പ്രസിഡന്റ്



ഫാ.മാത്യു തരകൻ വൈസ് പ്രസിഡന്റ്



ഫാ.പ്രകാശ് ജനറൽ സെക്രട്ടറി



അഡ്വ.മനോജ് മാത്യു



ബാബു സഖറിയ



ഫാ.ഇടിക്കുള എം.ചാണ്ടി

# സകല വാങ്ങിപ്പോയവരുടെയും ഓർമ്മ; കൊത്ത്നെ ഞായറാഴ്ച

## ധ്യാനപീഠം

വെരി.റവ.ഏലിയാസ് കോശി
റമ്പാൻ, പത്തനാപുരം

**സകല വാങ്ങിപ്പോയവരുടെയും ഓർമ്മ**

**ഫെബ്രുവരി 3, വേദവാക്യം വി.ലൂക്കോസ് 12:32–48**

പുനരുത്ഥാനപ്പെരുന്നാളിലേക്കുള്ള തീർത്ഥയാത്രയിൽ ഈ വിശ്വാസം നമുക്ക് കൈമാറിത്തന്ന മാതാപിതാക്കളെയും, ഗുരുക്കന്മാരെയും ഓർക്കുന്നത് ഏറ്റം ശ്രേഷ്ഠമായ കാര്യമാണ്.

നമ്മുടെ ആരാധനയിൽ അവരും പങ്കെടുക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. യഹൂദന്മാരുടെയും ക്രിസ്തീയ സഭയുടേയും മരണത്തെക്കുറിച്ചുള്ള പഠിപ്പിക്കലിലെ പ്രധാന വ്യത്യാസങ്ങൾ യഹൂദചിന്തയിൽ മരണാനന്തരാവസ്ഥയെക്കുറിച്ച് രണ്ടു പ്രധാന നിലപാടുകൾ 1. പരീശന്മാരും ഭൂരിപക്ഷം യഹൂദന്മാരും സ്വീകരിച്ചത് – മരിച്ചവർ പുനരുത്ഥാനദിവസം മഹത്വീകരിക്കപ്പെട്ട ശരീരത്തോടെ വീണ്ടും കാണപ്പെടുകയും ന്യായവിധിയുടെ ഫലം അനുഭവിക്കുകയും ചെയ്യും. 2. സാദൂക്യരും സമ്പന്നരുമായ ഒരു വിഭാഗം – മരണത്തോടെ എല്ലാം അവസാനിക്കുന്നു. പിന്നീട് പുനരുത്ഥാനം ഉണ്ടാകുന്നില്ല. എന്നാൽ കാതോലിക സഭകൾ ആദ്യത്തെ നിലപാടുകൾ സ്വീകരിച്ചു. വേദപുസ്തകവും പാരമ്പര്യവും അവർ മുറുകെപിടിച്ചു. ഉയർത്തെഴുന്നേറ്റ കർത്താവ് പുനരുത്ഥാനശരീരം അതായത് മഹത്വീകരിക്കപ്പെട്ട ശരീരം സ്വീകരിച്ചതുപോലെ വാങ്ങിപ്പോയ വിശ്വാസികൾക്കും ലഭിക്കും.

നവീകരണക്കാർ രണ്ടാമത്തെ അഭിപ്രായം സ്വീകരിച്ചു. നാം ശരീരപ്രകാരം മരിച്ചാലും ക്രിസ്തുവിലുള്ള ജീവനിൽ സജീവരായി തുടരുന്നു. യോഹ.11:25,26 വാക്യങ്ങളിൽ എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കുകയില്ല. ഫിലിപ്പി 1:23 വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കും കാംഷയുണ്ട്. അത് അത്യുത്തമമല്ലോ. 2കൊരിന്തി 5:8 ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട് ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു. 1കൊരി.15:40–43 സ്വർഗ്ഗീയ ശരീരങ്ങളും ഭൗമീകശരീരങ്ങളും ഉണ്ട്. സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ്സുവേറെ, ഭൗമികശരീരങ്ങളുടെ തേജസ്സുവേറെ.

ഈ പ്രത്യേകതകളുടെ വെളിച്ചത്തിലാണ് സഭ വാങ്ങിപ്പോയവരെ ഓർക്കയും അവരുമായുള്ള ആത്മീയ സംസർഗ്ഗത്തിൽ വിശ്വസിക്കുകയും ചെയ്യുന്നത്.

നവീകരണക്കാർ വാങ്ങിപ്പോയവരെ ഓർത്തു പ്രാർത്ഥിക്കുന്നില്ല. അവരുടെ ആത്മീയ സംസർഗ്ഗം അനുഭവിക്കുന്നും ഇല്ല. അന്ത്യന്യായവിധിവരെ ക്രിസ്തുവിലുള്ള വശ്വാസത്തിൽ വളർന്ന് അനുതാപജീവിതത്തിൽകൂടി ശിക്ഷാവിധിയിൽനിന്ന് മോചനം നേടുവാനും വിശ്വാസികൾക്കു കഴിയും എന്ന് സഭ പഠിപ്പിക്കുന്നു.

വാങ്ങിപ്പോയവരും ആയുള്ള ആത്മീയ സംസർഗ്ഗത്തിന്റെ വാതായനം ആരാധന ആണ്. എന്നാൽ ശരീരത്തോടിരിക്കുന്നവരും ശരീരം വിട്ടവരും തമ്മിൽ പഞ്ചേന്ദ്രിയ സംസർഗ്ഗം ഇല്ല. യേശുക്രിസ്തുവിന്റെ ജീവനും തന്നിലുള്ള വിശ്വാസവും സഭയിൽ രണ്ടു വിഭാഗത്തെയും ഒന്നിപ്പിക്കുന്നു. യേശുക്രസ്തുവിൽക്കൂടി പിതാവാം ദൈവത്തെ ആരാധിക്കുന്ന നിത്യമായ ഒരു അവസ്ഥയാണ് സഭയ്ക്കുള്ളത്. ഈ ആരാധനയിൽ ശരീരംവിട്ടവർക്കും ശരീരത്തോടെ ഇരിക്കുന്നവർക്കും പങ്കെടുക്കാം. ആരാധന രണ്ടു കൂട്ടർക്കും വാതിലാണ്. വി.ലൂക്കോസ് 12:32–48 ഉണർന്നിരിപ്പിൻ എന്ന ആഹ്വാനം കാണാം. ഉണർവ്വോടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ പ്രത്യേകം എടുത്തുപറയുന്നു. എബ്രായർ 12:1, 22:24, വെളിപാട് 7:13–17 വരെയുള്ള വാക്യങ്ങളിലെല്ലാം മരണാനന്തരാവസ്ഥയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്ന ദാസൻ ഭാഗ്യവാൻ. അവനെ എല്ലാവർക്കും മേൽ കാര്യവിചാരകനായി നിയമിക്കും. ഇതാണ് ജാഗ്രതയുള്ള സാക്ഷ്യം. ക്രിസ്തീയ സാക്ഷ്യം നിർവ്വഹിച്ചതിന്റെ നിലവാരം അനുസരിച്ചായിരിക്കും വാങ്ങിപ്പോയവരെ നാം സ്നേഹപൂർവ്വം ഓർക്കുന്നത്. ഫിലിപ്പിയർ 1:21 എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു. ഈ ലോകത്തിലെ കഷ്ടതകളും ദുഃഖവും എല്ലാം അവസാനിച്ചു. മാലാഖമാരെപ്പോലെ വെള്ള അങ്കി ധരിച്ച് കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി ധവളീകരിച്ച അനുഭവത്തിൽ കയ്യിൽ കുരുത്തോലയുമായി കർത്താവിനെ എതിരേൽക്കുവാൻ ഒരുക്കത്തോടെ നമുക്കും കാത്തിരിക്കാം.

**കൊത്ത്നെ ഞായറാഴ്ച**

**ഫെബ്രുവരി 10, വേദഭാഗം വി.യോഹന്നാൻ 2:1–11**

പ.വലിയ നോമ്പ് തുടങ്ങുന്ന ഞായറാഴ്ച. ഈ ഞായറാഴ്ചയ്ക്ക് ഫെത്തുർത്തോ എന്നും പറയപ്പെടുന്നു. ഫെത്തുർത്തോ എന്ന സുറിയാനി വാക്കിന്റെ അർത്ഥം മാറ്റം, തിരിച്ചുവരവ്, അവസാനം എന്നൊക്കെയാണ്. ഈ നോമ്പുകാലം അനുതാപത്തിന്റെ കാലമാണ്. ഇക്കാലയളവിൽ നമ്മുടെ ജീവിതസാഹചര്യങ്ങൾക്ക് സമൂലമായ മാറ്റം ഉണ്ടായി യഥാർത്ഥ അവസ്ഥയിലേക്കുള്ള തിരിച്ചുവരവ് ഉണ്ടാകണം. ഭൗതികത്തോടുള്ള ഭ്രമം ഇല്ലാതാകണം. യുഗാന്ത്യജീവിതത്തോടുള്ള ഒരു സമ്പർക്കം ഉണ്ടാകണം. പാപത്തിനനുസരിച്ച് നീതിയായി ജീവിക്കുവാൻ സാധിക്കണം.

ക്രൈസ്തവ പാരമ്പര്യത്തിലെ ആദ്യ ഉപവാസ കാലഘട്ടം വലിയനോമ്പുകാലമാണ്. കർത്താവിന്റെ മരണവും ഉയിർപ്പും വാർഷികമായി അനുഷ്ഠിക്കുന്നതിനുള്ള ഒരു കാലഘട്ടമാണ് ഈ നോമ്പുകാലം. ആദ്യമൊക്കെ കർത്താവ് കബറിൽ പാർത്ത കാലം എന്ന പരിഗണനയിൽ ഉയിർപ്പിനു മുമ്പ് നാൽപത്തിയെട്ടുമണിക്കൂർ ഉപവാസം അനുഷ്ഠിക്കുമായിരുന്നു. പിന്നെ അതു ദീർഘിപ്പിച്ച് പീഢാനുഭവത്തിന്റെ ഒരാഴ്ച ഉപവാസമായി ആചരിച്ചിരുന്നു. പിന്നീട് പീഢാനുഭവ ആഴ്ച കൂടാതെ അതിനു മുമ്പുതന്നെ നാൽപതുദിവസം ഉപവാസം ആചരിക്കപ്പെട്ടിരുന്നു. ഈ ആറ് ആഴ്ചകളിൽ ആരാധനയിൽ കർത്താവ് പ്രവർത്തിച്ച ഓരോ അടയാളത്തെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയുമാണ് സഭ മുഴുവനായി ചെയ്യുന്നത്. ഈ അടയാളങ്ങളുടെ എല്ലാം പൊതുവായ സന്ദേശം പൂർത്തീകരിക്കുന്നവനായ ക്രിസ്തു എന്നതാണ്. ആദ്യത്തെ അടയാളം അല്ലെങ്കിൽ അത്ഭുതം കാനാവിലെ കല്യാണത്തിന് പച്ചവെള്ളം രുചികരവുംമേൽത്തരവുമായ വീഞ്ഞായി രൂപാന്തരപ്പെടുത്തി എന്നതാണ്. പ്രകൃതിയെയും ജീവിതസാഹചര്യങ്ങളെയും പൂർത്തീകരിക്കുന്ന ക്രിസ്തുവിനെ ഈ സംഭവത്തിൽക്കൂടെ കാണുമ്പോൾ മറ്റുള്ള അടയാളങ്ങളിൽ സൗഖ്യദായകനായി പൂർത്തി വരുത്തുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്.

പ്രകൃതിവിഭവങ്ങളുടെ തിരോധാനത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യം എത്രമാത്രം അനുഗ്രഹപ്രദമായിരുന്നു എന്ന് മനസ്സിലാക്കാൻ ഈ അടയാളം നമ്മെ സഹായിക്കുന്നു. വിരുന്നിൽ വീഞ്ഞു തികയാതെ വന്ന സാഹചര്യം ഈ യാഥാർത്ഥ്യത്തെ എടുത്തു കാണിക്കുന്നു. പ്രകൃതിവിഭവങ്ങൾ പരിമിതമാണ്. അവയെ വിവേകപൂർവ്വം വിനിയോഗിക്കണം എന്നുള്ളതിന്റെ സൂചന ക്രിസ്തു നൽകുന്നു. വീഞ്ഞു തീർന്നു എങ്കിലും അതിനുപകരം വെള്ളത്തെ കണ്ടെത്തി. അതിൽ ദൈവത്തിന്റെ പ്രവർത്തനം ഉറപ്പാക്കിയപ്പോൾ എല്ലാ ഇല്ലായ്മകളും പരിഹരിക്കപ്പെട്ടു. പരിസ്ഥിതിയുടെ മിക്ക പ്രശ്നങ്ങളും ദൈവസാന്നിധ്യം അംഗീകരിക്കുന്നതിനു പകരവിനിയോഗം മൂലം പരിഹരിക്കപ്പെടും.

പകരസാങ്കേതികവിദ്യയും പകരവിഭവങ്ങളും വളരുകയും വളർത്തിഎടുത്ത് മനുഷ്യരുടെ പ്രയോജനത്തിനായി ലഭിക്കുന്ന കാലമാണല്ലോ ഇത്. ഇവ ദൈവസാന്നിധ്യബോധത്തോടെയുള്ള കാര്യവിചാരകത്വത്തിലേക്കു വരുമ്പോൾ പരിഹരിക്കപ്പെടും.

ലോകത്തിൽ സഭയുടെ ശുശ്രൂഷ പ.കന്യകമറിയാമിന്റെ ശുശ്രൂഷയുടെ തുടർച്ചയാണ്. വിവാഹവിരുന്നിന്റെ സന്തോഷം പങ്കുവെയ്ക്കുന്നതോടൊപ്പം സ്വകാര്യദുഃഖങ്ങളുടെ വേദന ഒപ്പി എടുക്കുന്ന ശുശ്രൂഷയാണ് പ.കന്യകമറിയം നിർവ്വഹിച്ചത്. ആതിഥേയരുടെ സ്വകാര്യദുഃഖം വീഞ്ഞില്ല എന്നുള്ളത് മാതാവ് കർത്താവിനെ സമീപിച്ച് അറിയിച്ചപ്പോൾ കർത്താവിന്റെ മറുപടി നമുക്കതിൽ എന്താ കാര്യം നാം ക്ഷണിക്കപ്പെട്ടവരാണ്. മാതാവ് പിന്മാറാതെ വേലക്കാർക്കുള്ള നിർദ്ദേശം നൽകുകയാണ് ചെയ്തത്. ഇതു ചെയ്യാൻ കർത്താവിനു കഴിയും എന്നുള്ള ബോധ്യം മാതാവിനുണ്ടായിരുന്നു. പ.മാതാവിന്റെ ശുശ്രൂഷയുടെ രണ്ടു തലങ്ങൾ നാം അറിഞ്ഞിരിക്കണം. മനുഷ്യരുടെ പ്രശ്നങ്ങൾ യേശുവിനരികിലേക്കു കൊണ്ടുവരുന്നു. മനുഷ്യരെ യേശുവിന്റെ കല്പന അനുസരിക്കാൻ സജ്ജരാക്കുന്നു. ഈ രണ്ടു തലങ്ങളിലും നമുക്കു വ്യക്തികളായും സഭയായും ശുശ്രൂഷ തുടരുവാനുണ്ട്.

**നോമ്പിലെ രണ്ടാം ഞായർ**

**ഫെബ്രുവരി 17, വേദഭാഗം വി.ലൂക്കോസ് 5:12–16, 4:40–41**

കർത്താവിന്റെ കാലത്ത് കുഷ്ഠം എന്ന രോഗം ഭീകരമായിരുന്നു. ഇക്കാലത്ത് ഗവേഷണങ്ങളുടെ ഫലമായി ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്. അതിനാൽ ഈ രോഗത്തെ ഒരളവുവരെ പ്രതിരോധിക്കാൻ കഴിയുന്നുണ്ട്. കുഷ്ഠരോഗിയുടെ അവസ്ഥ വളരെ ദാരുണമാണ്. സമൂഹത്തിൽനിന്നും, മതത്തിന്റെ അനുഷ്ഠാനങ്ങളിൽനിന്നും നിഷ്കാസിതനും തള്ളപ്പെട്ടവനുമാണ്. രോഗത്തേക്കാൾ കൂടുതൽ വേദന അനുഭവിക്കുന്നത് ഈ അവസ്ഥയിലാണ്. ന്യായപ്രമാണം അനുസരിച്ച് മതത്തിൽനിന്നും സമൂഹത്തിൽനിന്നും നീക്കുന്നതിനുള്ള നിബന്ധന പഴയനിയമത്തിൽ സംഖ്യാപുസ്തകം 5:1–4 വരെയുള്ള വാക്യങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കുഷ്ഠരോഗം ഒരു മനുഷ്യനെ ശാരീരികവും മാനസികവും ആത്മീയവും സാമൂഹ്യവും മതാത്മകവുമായ അനുഭവത്തിൽനിന്ന് അകറ്റിനിർത്തുന്നു. പുരോഹിതൻ ആ രോഗിയെ നന്നായി പരിശോധന നടത്തി സമൂഹത്തിൽനിന്നും മതത്തിൽനിന്നും അകറ്റണം. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഇവർ അന്യവൽക്കരിക്കപ്പെടുകയാണ്. ഒരു കുഷ്ഠരോഗി യേശുക്രിസ്തുവിനോട് നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നുള്ള പ്രാർത്ഥന നിരാശയുടെ അടിത്തട്ടിൽനിന്നും വരുന്നതാണ്. കർത്താവിന്റെ ഉത്തരം എനിക്കു മനസ്സുണ്ട് നീ ശുദ്ധനാകുക. കർത്താവ് അവനെ തൊട്ടു സൗഖ്യമാക്കി. അതാണ് കർത്താവിന്റെ മനസ്സ്. യേശുവിന്റെ ശബ്ദം, യേശുവിന്റെ മനസ്സ് അത് ആരുടെകൂടെ, അത് എന്തു പറയുന്നു എന്നു അന്വേഷിക്കുന്നവർക്കായി യേശു ഇന്നും കാത്തിരിക്കുന്നു. ചൂഷിതർ, മർദ്ദിതർ, അന്യവൽക്കരിക്കപ്പെടുന്നവർ ഇവരുടെ പക്ഷം പിടിക്കുന്ന യേശുവിനെ നാം കാണേണ്ടിയിരിക്കുന്നു. ആ മനസ്സ് നമുക്കും ഉണ്ടാകണം. ആ മനസ്സിന്റെ ലക്ഷണമാണ് സഭ ജീവകാരുണ്യപ്രവർത്തനങ്ങളിൽ അതീവ ജാഗ്രത പുലർത്തുന്നത്. ആന്ധ്രാ, ബാംഗ്ലൂർ മുതലായ സ്ഥലങ്ങളിൽ കുഷ്ഠരോഗികളുടെ കുട്ടികൾക്കായി നടത്തുന്ന അനാഥശാലകൾ, ബാലവാടികൾ മുതലായവ ഈ സ്ഥാപനങ്ങളെ കഴിവുള്ളഴരെല്ലാം കൈതുറന്നു സഹായിക്കണം. യാച്ചാരം, ഇറ്റാർസി മുതലായ സ്ഥലങ്ങളിൽ ഈ വേലകൾ വളരെ ഭംഗിയായി സഭ ഏറ്റെടുത്തു നടത്തുമ്പോൾ പ്രാർത്ഥനകൊണ്ടും സഹകരണംകൊണ്ടും പുഷ്ഠിപ്പെടുത്താനുള്ള കടമ നമുക്കുണ്ടാകണം. അന്യരാക്കപ്പെടുന്നവരെ സ്വീകരിപ്പാൻ സഭയ്ക്ക് കടപ്പാടും കടമയുമുണ്ട്. ഞാൻ വിശന്നിരുന്നു നിങ്ങൾ എനിക്കു ഭക്ഷണം തന്നു. ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ വന്നുകണ്ടു. ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തതെല്ലാം എനിക്കു ചെയ്തു എന്നു കർത്താവു കല്പിക്കുമ്പോൾ നാം നെഞ്ചത്തു കൈവെച്ച് ഞാൻ എത്രമാത്രം അർഹനാണെന്നു ചിന്തിക്കുന്നതു മനപരിവർത്തനത്തിനു സഹായിക്കും.

കുഷ്ഠരോഗി സൗഖ്യം പ്രാപിച്ചപ്പോൾ കർത്താവു നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്. ഇത് ആരോടും പറയരുത്. എന്നാൽ നീ പോയി നിന്നെതന്നെ പുരോഹിതനു കാണിച്ച് മോശയുടെ കല്പനപ്രകാരം നിന്റെ ശുദ്ധീകരണത്തിനുള്ള വഴിപാടുകഴിക്കുക. ദൈവകൃപ പ്രാപിച്ചവർ അവരുടെ ആരാധനാസമൂഹത്തെ വിസ്മരിച്ച് സാക്ഷിപറയുവാൻ തത്രപ്പെടുന്ന കാഴ്ച എത്ര ഭയാനകമാണ്. എന്നാൽ യേശുപറയുന്നു സ്വന്തം ആരാധനാസമൂഹത്തിലുള്ള സാക്ഷ്യരീതിയോട് ഏകീഭവിക്കണം എന്നാണ്. ദൈവകൃപ എന്ന വാക്ക് സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കുന്നവരാണ് അധികംപങ്കും. എസ്ഥേർരാജ്ഞി സ്വന്തജനത്തിനുവേണ്ടി ദൈവകൃപ സ്വീകരിച്ചവളാണ്. പുരോഹിതൻ ന്യായപ്രമാണപ്രകാരം ചെയ്യാനുള്ളതെല്ലാം ചെയ്യണം. ഇങ്ങനെയുള്ളവരെ സ്വീകരിപ്പാനുള്ള കടപ്പാട് സഭയ്ക്കുണ്ട്. സാക്ഷ്യത്തിന്റെ പേരിൽ അതിർവിടുന്നതും സാക്ഷ്യത്തെ അംഗീകരിക്കാതെ അന്യവൽക്കരണം തുടരുന്നതും തിരുത്തപ്പെടേണ്ടതാണ്. കുഷ്ഠം ശരീരഭംഗി, സൗന്ദര്യം ഇവയെ വികലമാക്കുന്നു. അതുപോലെ പാപിയിൽനിന്നും ദൈവതേജസ്സ് ഉരിഞ്ഞുപോകുന്നു. ആ തേജസ്സ് ഈ നോമ്പുകാലത്ത് നമുക്കും പ്രാപിക്കുന്നതിന് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

# നരിയാപുരം വലിയപള്ളിപെരുന്നാൾ സമാപിച്ചു

പത്തനംതിട്ട : നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് വലിയപള്ളിപെരുന്നാൾ വിവിധ പരിപാടികളോടെ സമാപിച്ചു. പെരുന്നാൾദിനമായ ജനുവരി 28ന് രാവിലെ നടന്ന വി.മൂന്നിന്മേൽ കുർബ്ബാനയ്ക്ക് യു.കെ.യൂറോപ്പ് ആഫ്രിക്ക ഭദ്രാസന മെത്രാപ്പോലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് പ്രധാന കാർമ്മികത്വം വഹിച്ചു. 27ന് ഫാ.ഡോ.എം.ഒ.ജോൺ വി.കുർബ്ബാന അർപ്പിച്ചു. പെരുന്നാളാഘോഷങ്ങൾക്ക് വികാരി ഫാ.ജേക്കബ് ബേബി, ട്രസ്റ്റി റ്റി.എസ്.തോമസ്, സെക്രട്ടറി ലിജു ജോൺ വർഗീസ്, ജനറൽ കൺവീനർ കുരുവിള പി.മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ചാക്കോ ഏബ്രഹാം (കുഞ്ഞ്), നിരണം വെസ്റ്റ്**

# നാം എങ്ങോട്ട്

എം.സി.വർഗീസ് ആലുവ

മലങ്കരസഭാകേസിൽ 1995-ലെ മൂന്നു ജഡ്ജിമാരുടെ സുപ്രീംകോടതിവിധി ആത്യന്തികവും നീക്കുപോക്കില്ലാത്തതും ചോദ്യം ചെയ്യലിന് അതീതവും ആണെന്നാണ് അവരുടെയും പൊതുജനത്തിന്റെയും സങ്കല്പനം. അതു തുടങ്ങുന്നത് സരസമായ ഉദാഹരണത്തോടെയുമാണ്. വി.മത്തായി 19:16 -22ലെ ധനികയുവാവിന്റെ കഥ അവന് നിത്യജീവനല്ല, സ്വന്ത സമ്പാദ്യമായിരുന്നു പ്രധാനം. സുറിയാനിസഭയിലെ ഇരുകക്ഷികൾക്കും ഇന്ന് സഭയിലുള്ള വിശ്വാസവും, ദൈവത്തോടുള്ള സ്തുതിയും സ്തോത്രവും, പ്രഭയും പുകഴ്ചയും ഒരുനാളും മാഞ്ഞുപോകാത്ത ഉന്നതിയും ഒന്നുമല്ല കാര്യം 1808-ൽ മൂവായിരം പൂവരാഗനിൽ നിന്നുതുടങ്ങി ഇന്ന് അനന്താകാശം മുട്ടിനിൽക്കുന്ന ആസ്ഥി വസ്തുക്കളിലും അവയുടെ അവകാശാധികാര്യങ്ങളിലുമാണെന്ന് പച്ചയായി പ്രസ്താവിച്ചുംകൊണ്ടാണ് 253 പേജുള്ള ഈ വിധി ആരംഭിക്കുന്നത്. സഭയിലെ വിവിധ കേസുകൾ മുമ്പു നടന്നവ വിശദമായി, വിശകലനം ചെയ്തു പഠിച്ചു. ഇരുത്തിയും തിരുത്തിയും എഴുതിവായിച്ച വിധിയാണത്. മംഗലമായ ആംഗലഭാഷ, മനോഹരശൈലി, കർക്കശ്യമായ വ്യവസ്ഥകൾ, കാതലുള്ള വേദോപദേശങ്ങൾ, പ്രത്യാശയോടെയുള്ള സഭൈക്യപരിശ്രമങ്ങൾ എല്ലാം അടുക്കിവെച്ചിട്ടുള്ള സമഗ്രവിധിയാണത്. അതങ്ങ് കണ്ണടച്ചു പ്രാവർത്തികമാക്കുകയേ വേണ്ടൂ! സഭയിൽ സമാധാനമുണ്ടാവാൻ സുമനോഹരമായ ശക്തമായ ഭരണഘടനയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പിന്നെന്തുവേണം. പിന്നെ മദ്ധ്യസ്ഥതയുടെ കാര്യം കൈപ്പുണ്ണിന്? കണ്ണാടിവേണോ

പക്ഷെ പഴയ പല്ലവികൾ കാലഹരണം വന്ന വിൽപത്രങ്ങളും പുത്തൻ സഭസ്ഥാപനവും മുടക്കപ്പെട്ട ഓർത്തഡോക്സും മേൽസ്ഥാനി കീഴ്സ്ഥാനി വാദവും, ഞങ്ങൾ പണിത് ഞങ്ങളുടെ മുൻഗാമികളുടെ ശ്മശാനങ്ങൾ ലക്കും ലഗാനുമില്ലാത്ത പട്ടംകൊടകൾ, പുരോഗമനത്തിന്റെ പേരിൽ സജീവമാക്കിവരുന്നു. 1912, 1958, 1964, 1995 സംഭവങ്ങൾ വിസ്മരിച്ചിട്ട് മെയ്യൂക്കും കയ്യൂക്കും എന്ന പാദയിൽ ഒട്ടേറെ സഞ്ചരിച്ചു. പോലീസും കളക്ടർമാരും സർക്കാരും ഒട്ടേറെ കരുതലോടെ അപ്പപ്പോൾ പ്രവർത്തിച്ചതുമൂലം

പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപോലെ ഫലിക്കുകയില്ലിനി

എന്നെത്തിനിൽക്കുന്നു ഇപ്പോൾ. ഇപ്പോൾ കേൾക്കുന്ന രണ്ടു കാര്യങ്ങൾ 1. കോട്ടയം കാതോലിക്കാ പുത്തൻകുരിശിലെത്തി (സിറിയയിലേക്കും ദമാസ്ക്കസിലേക്കും ഇപ്പോൾ പറ്റില്ലല്ലോ.) പ.പാത്രിയർക്കീസിന് കീഴ്സ്ഥാനിയായി മേലിൽ വർത്തിച്ച് ഓർത്തഡോക്സിനെ ലയിപ്പിച്ചുകൊള്ളാമെന്ന് ശൽമൂസാ കൊടുക്കുക.

2. അതല്ല പുത്തൻകുരിശ് ബാവാ ദേവലോകം ബാവയ്ക്ക് അടിയറവ് പറഞ്ഞ് പാത്രിയർക്കാ ഭാഗം ലിക്യൂഡേറ്റ് ചെയ്ത് ലയിപ്പിക്കുക.

ഇതിനാവശ്യമുള്ള മാദ്ധ്യസ്ഥം ഇതരസഭക്കാരുടെയും ഇതര വ്യക്തികളുടെയും നേടുക. അതായത് ഒരുത്തന്റെ കീഴെ അപരൻ സ്വയം താഴ്ന്നുവരണം. തന്നെത്താൻ താഴാൻ ആർക്കും സമ്മതമല്ല എന്നു വ്യക്തം. ഇതുരണ്ടും സാധ്യമല്ലെങ്കിൽ പിന്നെ പുതുനിഴലാട്ടംകൊണ്ടെന്തുകാര്യം എന്ന ചങ്ങമ്പുഴയുടെ രമണനിലെ വരികൾ ഓർമ്മവരുന്നു. കൂടെ ആനയും നമ്പൂരിയും എന്ന ആപ്തകഥയും. ആനപ്പുറത്ത് ആദ്യമായി യാത്രചെയ്ത ആഢ്യനായ വല്യനമ്പൂരിക്ക് പാലത്തിനടിയിൽക്കൂടെ പോയപ്പോൾ തലതട്ടി ബോധക്കേടായി. കാര്യസ്ഥൻ രാമൻ പരിചരണം ചെയ്തു. തെളിഞ്ഞപ്പോൾ തിരുമേനിക്ക് അല്പം താഴാമായിരുന്നില്ലേ. ശപ്പൻ രാമാ നാമെന്തിനു താഴുന്നു. ആനയല്ലേ താഴേണ്ടത്. ആ മൃഗത്തിനൊന്ന് താണാലെന്താ. നമ്മളല്ലേ ഉടമസ്ഥൻ.

രാമൻ : ശരിതന്നെ. ആന വിചാരിച്ചു നമ്പൂരി താന്നോളും ഞാൻ താഴേണ്ട കാര്യമില്ലാ എന്ന് അതും കരുതി. ഇപ്പോൾ തല പോയത് തിരുമേനിക്കല്ലെ. വാശി വേണ്ടായിരുന്നു തിരുമേനി.

ഇതിന്റെയൊക്കെ കഷ്ടത ആലുവാ പോലെ തർക്കമുള്ള പള്ളികൾക്കാണ്. 1958 -ലേത് താൽക്കാലിക സമാധാനമായിരുന്നു. ആലുവായിലെ കബറടക്കം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഒത്തുതീർപ്പിന് മുദ്ര ഇല്ലാഞ്ഞും മുടക്കപ്പെട്ടവരുമായി ഒരു സംസർഗ്ഗവും പാടില്ല. കാതോലിക്കായുടെ സജീവമായ മുടക്ക് ഇത്യാദി മുരട്ടു ന്യായങ്ങളാണ്. സമാധാനം കാംക്ഷിക്കുന്ന ഭാഗ്യവാന്മാരായ ദൈവത്തിന്റെ പുത്രന്മാർ അടിച്ചിറക്കുന്നത് ഒന്നുനിൽക്കൂ ആഗോളാടിസ്ഥാനത്തിൽ സഭയിൽനിന്നും ആടുകൾ അന്യ മേച്ചിൽപുറങ്ങൾ തേടി മാതൃസഭ വിട്ട് അനേകർ പോകുന്നു. ഒരു മോശയും ഏലിയാവും ഇന്നില്ല. അടുത്തകാലത്ത് ഉണ്ടാവാനും പോകുന്നില്ല. സിറിയയും ദമാസ്ക്കസും അന്ത്യോഖ്യയും ആടിയുലയുന്ന അന്തരീക്ഷമാണിന്ന്. ആനയോ നമ്പൂതിരിയോ ആരു താഴണം എന്നാണ് ഇന്ന് മലങ്കരയുടെ മാപ്പിളപാട്ട്. ജനിക്കാൻ ആശുപത്രിയുണ്ട്. പള്ളികളില്ല മരിച്ചാൽ മറവുചെയ്യാൻ എന്ന അവസ്ഥയാണിന്ന്. അനന്തം അജ്ഞാതം അവർണ്ണനീയമായ ഈ ലോകത്തിൽ നാം എങ്ങോട്ടുപോകുന്നു.

# ആലുവായിലെ വലിയതിരുമേനിയും....പേജ് 1-ൽനിന്ന്

മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും പ.ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി അദ്ദേഹത്തെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ആയി പട്ടംകൊടുത്ത് നിയമിക്കുകയും ചെയ്തു. മലങ്കരയിൽ അങ്ങോളമിങ്ങോളം ഓടിനടന്ന് കാതോലിക്കേറ്റിനെക്കുറിച്ച് അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ കാതോലിക്കാ സ്ഥാപനം സംബന്ധിച്ച് വിശ്വാസികളിൽ അവബോധം വളർത്തുവാൻ കാരണമായി. പ്രസംഗപര്യടനത്തിനിടയിൽ കുന്നംകുളത്തിനടുത്ത് മരത്തംകോട് പള്ളിയിൽവെച്ച് 1951 ഏപ്രിൽ 17ന് അദ്ദേഹം കാലംചെയ്തു.

ഇരുവിഭാഗത്തിലെയും ശക്തന്മാരായിരുന്നു ഇരുവരുമെങ്കിലും ആലുവായിലെ വലിയതിരുമേനിയുടെയും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെയും മനസ്സിൽ പരസ്പര വിദ്വേഷമോ പകയോ ലേശമില്ലായിരുന്നുവെന്ന് അവർ തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് ദൃക്സാക്ഷിയായിരുന്ന പൂക്കുന്നേൽ വന്ദ്യ ജോസഫ് കോർഎപ്പിസ്കോപ്പാ സാക്ഷ്യപ്പെടുത്തുന്നു. അച്ചന്റെ വിവരണത്തിലേക്ക്:

"........അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം അതിസൂഷ്മമായി കാത്തുപരിപാലിച്ചിരുന്നു. വിശ്വാസവീരൻ, സത്യസന്ധൻ, നിർമ്മലൻ, പ്രാർത്ഥനാനിരതൻ, സൗമ്യൻ ഇങ്ങനെ പല വിശിഷ്ടഗുണങ്ങളുടെ വിളനിലമായിരുന്നു ആ പുണ്യപിതാവ്. ഐഹീക സ്ഥാനങ്ങൾക്കോ ദ്രവ്യത്തിനോ അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്ഥാനം ഉണ്ടായിരുന്നില്ല.

വിശ്വാസസംരക്ഷകൻ എന്ന നിലയിൽ സഭ അദ്ദേഹത്തെ കാണുന്നു. സഭാകേസിൽ ഒന്നാം വാദിയായ അദ്ദേഹം കോടതിയിൽ പോയിട്ടില്ല. കാരണം മറ്റൊന്നുമല്ല, കോടതിയിൽ ചെന്നാൽ മനസാക്ഷിക്കു വിരുദ്ധമായി ചിലപ്പോൾ പറയുന്നതിന് വക്കീലന്മാർ ആവശ്യപ്പെടും. അത് ചെയ്യാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. എപ്പോഴും സത്യസന്ധമായി സംസാരിക്കാനും ജീവിക്കാനുമാണ് അദ്ദേഹം ആഗ്രഹിച്ചത്. പാപരഹിതമായ ഒരു ജീവിതം നയിക്കുവാൻ പരമാവധി യത്നിച്ചു. അതിനു പ്രാർത്ഥനയും നോമ്പും ഉപാധികളായി കൈക്കൊണ്ട് അത് അന്ത്യംവരെ നിർവിഘ്നം തുടരുകയും ചെയ്തു. അദ്ദേഹത്തിനു കാര്യമായ ബാങ്ക് ബാലൻസ് ഉണ്ടായിരുന്നില്ല. ................

അതിഥിസൽക്കാരത്തിൽ വളരെ താൽപര്യമുള്ള ആളായിരുന്നു തിരുമേനി. ഒരവസരത്തിൽ മറുഭാഗത്തെ കൊച്ചുതിരുമേനി എന്നു വിളിക്കപ്പെടുന്ന പുത്തൻകാവിലെ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയെ കാണാൻ എത്തി. ഞാൻ സി.എം.എസ്. കോളജിൽ പഠിക്കുന്ന കാലത്ത് ഈ കൊച്ചുതിരുമേനിയെ പരിചയമായിരുന്നു. അതിഥിമുറിയിൽ അദ്ദേഹത്തെ ഇരുത്തിയശേഷം ഞാൻ വലിയ തിരുമേനിയെ പിടിച്ചുകൊണ്ട് ആ മുറിയിലേക്ക് ആനയിച്ചു. കൊച്ചുതിരുമേനി എഴുന്നേറ്റ് കൈപിടിച്ച് ചുംബിക്കാൻ ഒരുങ്ങുമ്പോൾ ആശ്ലേഷിച്ച് അടുത്തിരുത്തി. അവരുടെ സംഭാഷണം വളരെ ഹൃദ്യമായിരുന്നു. സഭാകാര്യങ്ങളും കേസിന്റെ കാര്യങ്ങളും ചർച്ച ചെയ്തു സമാധാനപരമായ ഒരു ഒത്തുതീർപ്പിനായി ഇരുവരും ആഗ്രഹിച്ചു. ഇതിന് പ്രാർത്ഥനയാണ് ആവശ്യം. തമ്പുരാന്റെ തിരുവുള്ളം ആകുന്നവിധം സംഭവിക്കട്ടെ എന്നുപറഞ്ഞ് പിരിയാനായി എഴുന്നേറ്റപ്പോൾ വലിയതിരുമേനി എന്നെ വിളിച്ചുപറഞ്ഞു കൊച്ചുതിരുമേനിക്ക് കാപ്പി കൊടുത്തില്ലല്ലോ എന്ന്. ഞാൻ അടുത്ത മുറിയിൽ കാപ്പിമേശ ഒരുക്കിയിരുന്നു. ഞാൻ അത് പറഞ്ഞപ്പോൾ വലിയതിരുമേനിക്ക് വലിയ സന്തോഷമായി. രണ്ടുപേരെയും അങ്ങോട്ടുകൊണ്ടുപോയി ഇരുത്തി സാമാന്യം മോശമല്ലാത്ത രീതിയിൽ വിഭവങ്ങൾ ഒരുക്കിക്കൊടുത്ത കാപ്പി ഒരു വലിയ അനുഗ്രഹത്തിനു കാരണമായി. കൊള്ളാം, തന്റെ കാപ്പിമേശ ഒരുക്കൽ നന്നായിരിക്കുന്നു. ഇത് ദൈവകൃപയുടെ ഒരടയാളമാണ് കൊച്ചുതിരുമേനി വളരെ ഹൃദ്യമായി ചിരിച്ച് എന്റെ പുറത്ത് സ്നേഹപൂർവ്വം തട്ടിക്കൊണ്ട് യാത്രയായി. കാർ കിടക്കുന്നിടം വരെ ഞാൻ അനുയാത്രചെയ്തു. അങ്ങനെ വാദിപ്രതികളുടെ സന്ദർശനത്തിന്റെ പരിസമാപ്തികണ്ട് ഞാൻ ദൈവത്തെ സ്തുതിച്ചു. തിരിച്ചുവന്നപ്പോൾ വലിയതിരുമേനി താൻ എന്റെ അന്തസ്സും അതുമൂലം സഭയുടെ അന്തസ്സും കാത്തു. കൊള്ളാം മോനെ. എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവുമായിരുന്നില്ല........"

കോടതിവ്യവഹാരങ്ങളും കക്ഷിവഴക്കുകളും ശക്തമായി നിലനിന്നിരുന്നെങ്കിലും പരസ്പരമുള്ള സ്നേഹവും ആദരവും കൈവിടാതെ സൂക്ഷിച്ചിരുന്ന മൺമറഞ്ഞ പിതാക്കന്മാർ ഇന്നത്തെ തലമുറയ്ക്ക് മാതൃകയാവണം. പരസ്പരം കയറ്റിയിറക്കമോ കൂടിക്കാഴ്ചകളോ ഇല്ലാതെ വിദ്വേഷം കുത്തിവെക്കുന്ന പ്രവർത്തനങ്ങൾ ഒരിക്കലും സമാധാനത്തിലേക്ക് നയിക്കില്ല. അകൽച്ചകൾ കുറച്ച് പരസ്പര സഹകരണത്തിലേക്കു വരാനല്ലെ ഇനിയും ശ്രമിക്കേണ്ടത്. അതല്ലെ പിതാക്കന്മാരുടെ പ്രാർത്ഥന?


# വിശുദ്ധനാട് തീർത്ഥയാത്ര

വിശുദ്ധനാട് തീർത്ഥയാത്രയും ഗൾഫ്നാട് സന്ദർശനവും

പ്രമുഖ വൈദികരുടെ നേതൃത്വത്തിൽ

മെയ് 21ന് മാവേലിക്കരയിൽനിന്നും പുറപ്പെടുന്നു


താൽപര്യമുള്ളവർ ബന്ധപ്പെടുക : ഫാ.പി.കെ.വർഗീസ് (9446220007), ഫാ.കെ.കെ.മാത്യൂസ് (9447877993


# ക്രിസ്തീയ ഫിലിംഷോ


വലിയനോമ്പ്, പെരുന്നാൾ, ഒ.വി.ബി.എസ്. എന്നിവയോടനുബന്ധിച്ചു ഇടവകതോറും നടത്തപ്പെടുന്നു. പാഷൻ ഓഫ് ദി ക്രൈസ്റ്റ് (ക്രിസ്തുവിന്റെ പീഢാനുഭവം), വി.ഗീവർഗീസ് സഹദാ, ആത്മാവിന്റെ അക്ഷരങ്ങൾ, അതിജീവനം (കുടുംബചിത്രം), ഹോംവർക്ക്, വഴിയറിയാതെ (മദ്യവിരുദ്ധ ചിത്രം) എന്നിവ ലഭ്യമാണ്.

ബന്ധപ്പെടേണ്ട വിലാസം : ഫാ.പി.കെ.വർഗീസ്, ശാലോം ഫിലിം മിനിസ്ട്രി, അറുനൂറ്റിമംഗലം, മാവേലിക്കര, ഫോൺ : 0479-2357646, 9446220007, 9526220007


# വി.യൂദാശ്ലീഹായുടെ പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**സാലി തോമസ്**
**കുളത്തുപ്പുഴ**

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പുനൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ചിന്നു ഏബ്രഹാം മൈസൂർ**

Vol. 19 Issue 7
February 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

## ചിരിവര —————— ജോയി കുളനട




## സണ്ടേസ്ക്കൂൾ വാർഷിക സമാപന സമ്മേളനം

തുമ്പമൺ : മദ്ധ്യകേരളത്തിലെ ആദ്യകാല ക്രൈസ്തവ ദേവാലയമായ തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസന പള്ളിയിൽ വേദപഠന ക്ലാസ്സുകൾ ആരംഭിച്ചതിന്റെ 150–ാം വാർഷികത്തിന്റെ സമാപന സമ്മേളനം ജനുവരി 27ന് സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സണ്ടേസ്ക്കൂൾ അസോസിയേഷൻ പ്രസിഡന്റ് ഡോ.യാക്കോബ് മാർ ഐറേനിയോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ഫാ.ജോൺസൺ കല്ലിട്ടതിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ.ഒ.തോമസ് മുഖ്യപ്രഭാഷണം നടത്തി. ചിറ്റയം ഗോപകുമാർ എം.എൽ.എ. ലൈബ്രറി ഉദ്ഘാടനം ചെയ്തു. ഫാ.സാമുവൽ ജോൺ തേവത്തുമണ്ണിൽ, ഫാ.കെ.എം.തോമസ്, ഫാ.തോമസ് യോഹന്നാൻ, ഫാ..ഷിജു ജോൺ, റ്റി.എസ്.ജോസ് എന്നിവർ ആശംസാപ്രസംഗം നടത്തി. സ്കോളർഷിപ്പ് വിതരണം തുമ്പമൺ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഓമനാ ഗോപാലനും സ്മരണികാ പ്രകാശനം തുമ്പമൺ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സഖറിയാ വർഗീസും നടത്തി.

## മാത്യൂസ് ദ്വിതീയൻ ബാവാ ദീർഘവീക്ഷണമുള്ള മനുഷ്യൻ : കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷ്

ശാസ്താംകോട്ട : ആത്മീയമായും ഭൗതികമായും ദീർഘവീക്ഷണമുള്ള മനുഷ്യനായിരുന്നു കാലംചെയ്ത പ.ബസ്സേലി.യോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായെന്ന് കേന്ദ്ര തൊഴിൽ സഹമന്ത്രി കൊടിക്കുന്നിൽ സുരേഷ് അഭിപ്രായപ്പെട്ടു. ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന ബാവായുടെ ഏഴാമത് ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സൗമ്യമായ പെരുമാറ്റംകൊണ്ട് ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയ അദ്ദേഹം, ആതുരശുശ്രൂഷരംഗത്തും വിദ്യാഭ്യാസരംഗത്തും നിസ്തുലമായ സംഭാവനകളാണ് നൽകിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. കൊല്ലം ഭദ്രാസനാധിപൻ സഖറിയാ മാർ അന്തോണിയോസ് അദ്ധ്യക്ഷത വഹിച്ചു. യാക്കോബ് മാർ ഏലിയാസ്, ഡോ.ജോർജ് ജേക്കബ്, കോവൂർ കുഞ്ഞുമോൻ എം.എൽ.എ., പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ്, കെ.എൽ.ഡി.സി. ചെയർമാൻ ബെന്നി കക്കാട്, ഫാ.കെ.ടി.വർഗീസ് തുടങ്ങിയവർ സംസാരിച്ചു.



**പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി ശതോത്തര ജൂബിലി** പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, നിയമസഭാ ചീഫ് വിപ്പ് പി.സി.ജോർജ്, മാത്യു റ്റി.തോമസ്, ജോസഫ് എം.പുതുശ്ശേരി, ഇടവക വികാരി ഫാ.ജോൺ മാത്യു തുടങ്ങിയവരെയും കാണാം.

## മലങ്കരസഭയുടെ കാനോനിൽ ഉചിതമായ മാറ്റങ്ങൾ വരുത്തണം : ഫാ.ഡോ.എം.ഒ.ജോൺ

കൊട്ടാരക്കര : മലങ്കരസഭയുടെ കാനോനിൽ ചരിത്രവസ്തുതകൾക്ക് നിരക്കാത്തതും കാലികപ്രസക്തി ഇല്ലാത്തതുമായ വകുപ്പുകൾ നീക്കം ചെയ്ത് ഉചിതമായ ഭേദഗതികൾ വരുത്തണമെന്ന് ഫാ.ഡോ.എം.ഒ.ജോൺ ആവശ്യപ്പെട്ടു. പതിമൂന്നാം നൂറ്റാണ്ടിൽ ബാർ എബ്രായയാൽ ക്രോഡീകരിക്കപ്പെട്ട ഹൂദായകാനോനാണ് മലങ്കരസഭയുടെ ഔദ്യോഗിക കാനോൻ. മുളന്തുരുത്തി സുന്നഹദോസോടുകൂടി മലങ്കരസഭ ഈ കാനോൻ സ്വീകരിച്ചെങ്കിലും അത് സംബന്ധിച്ചുള്ള വിശദമായ പഠനമോ ചർച്ചയോ സഭാതലത്തിൽ നടന്നിട്ടില്ല എന്നും ഫാ.ഡോ.എം.ഒ.ജോൺ അഭിപ്രായപ്പെട്ടു. മൂന്നുനോമ്പിനോട് അനുബന്ധിച്ചു നടന്ന കൊട്ടാരക്കര - പുനലൂർ ഭദ്രാസന വൈദികസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

## 45–ാം ശ്രാദ്ധപ്പെരുന്നാൾ

കണ്ടനാട് : സ്ലീബാദാസ സമൂഹസ്ഥാപകനും പ്രമുഖ പരിഷ്കർത്താവുമായ മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 45–ാം ശ്രാദ്ധപ്പെരുന്നാൾ തിരുമേനി കബറടങ്ങിയിരിക്കുന്ന കണ്ടനാട് കർമ്മേൽ ദയറായിൽ മെത്രാപ്പോലീത്തന്മാരായ സഖറിയാ മാർ അന്തോണിയോസ്, യാക്കോബ് മാർ ഐറേനിയോസ്, ജോഷ്വാ മാർ നിക്കോദിമോസ് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ ആഘോഷിക്കും. പെരുന്നാളിന് റവ.ശെമവൂൻ റമ്പാൻ, സാബു പോൾ, വി.കെ.ജോർജ് തുടങ്ങിയവർ നേതൃത്വംനൽകും.

## റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ സമൂഹത്തെ പ്രഭാപൂരിതമാക്കിയ തേജസ്സ് : മന്ത്രി അനൂപ് ജേക്കബ്



ആലുവാ : മാനവമൈത്രിയും മതസൗഹാർദ്ദവും ഊട്ടിവളർത്തി മനുഷ്യനന്മ ജീവിതവൃതമായി സ്വീകരിച്ച് സമൂഹത്തെ പ്രഭാപൂരിതമാക്കിയ തേജസ്സാണ് റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ എന്ന് മന്ത്രി അനൂപ് ജേക്കബ് അഭിപ്രായപ്പെട്ടു. കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ മാർ തെയോഫിലോസ് അവാർഡ് ഡോ.മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായ്ക്കു നൽകികൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ സമഗ്രവികസനവും ഉയർച്ചയും ലാക്കാക്കി പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്നതിലുപരി ഒരു പ്രസ്ഥാനമാണ് ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ എന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കെ.പി.ധനപാലൻ എം.പി. പറഞ്ഞു. തമസ്ക്കരിക്കപ്പെട്ട സാമൂഹ്യതലങ്ങളെ ദൈവസ്പർശത്തിന്റെ നറുനിലാവ് തെളിച്ച് ശുദ്ധീകരിക്കാനിറങ്ങിപ്പുറപ്പെട്ട നന്മനിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയായ മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ എന്തുകൊണ്ടും മാർ തെയോഫിലോസ് അവാർഡിന് അർഹനാണെന്ന് അനുഗ്രഹപ്രഭാഷണം നടത്തിയ ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ വെളിപ്പെടുത്തി. സഭയുടേയും സമൂഹത്തിന്റെയും കനക മതിലുകളെ ശക്തിയും വിശുദ്ധിയും ഉള്ളതാക്കുന്നതിനു വെളുപ്പും വെടിപ്പും നഷ്ടപ്പെടാതെ പ്രവർത്തിച്ച ആചാര്യശ്രേഷ്ഠനാണ് ആവാർഡ് ജേതാവായ കോർഎപ്പിസ്കോപ്പാ എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ബഞ്ചമിൻ ജേക്കബ് കോശി ചൂണ്ടിക്കാട്ടി. കേരളാ ശാന്തിസമിതി പ്രസിഡന്റ് ജസ്റ്റിസ് പി.കെ. ഷംഷുദീൻ പ്രശസ്തിപത്രം നൽകിയും വൈ.എം.സി.എ. സൗത്ത് വെസ്റ്റ് ഇന്ത്യാ റീജിണൽ ചെയർമാൻ ലെബി ഫിലിപ്പ്പൊന്നാട അണിയിച്ചും കോർഎപ്പിസ്കോപ്പായെ ആദരിച്ചു. എം.എൽ.എ.മാരായ വി.ഡി.സതീശൻ, സാജു പോൾ, അൻവർ സാജത്ത്, മുൻസിപ്പൽ ചെയർമാൻ എം.ഒ.ജോൺ, തേക്കിൻകാട് ജോസഫ്, എം.സി.വർഗീസ്, തോമസ് നീലാർമഠം എന്നിവർ പ്രസംഗിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001
and Published at Kottayam. Editor: Kunjumon T. Omallor